ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ&ബി) ജലവിഭവ വകുപ്പിനുകീഴിലുള്ള ജലസേചന വകുപ്പ് പുനഃസംഘടിപ്പിക്കാൻ ആലോചനകൾ നടന്നുവരുന്നുണ്ട്. ജലസേചന വകുപ്പിന്റെ ചുമതലകൾ വിവിധ മേഖലകളിലേയ്ക്ക് വ്യാപിച്ചുവരുന്നതിനാൽ വകുപ്പ് പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. കേരള ജലസ്രോതസ്സുകൾ മുഴുവൻ ജനങ്ങൾക്കും കൃഷിക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ ഈ വകുപ്പ് നദീതട അടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. വകുപ്പിലെ 17 ശതമാനം ജീവനക്കാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിച്ചതിനാൽ നിലവിലുള്ള ജീവനക്കാരെ ശരിയായ രീതിയിൽ പുനഃക്രമീകരിക്കുന്നതിനുള്ള നടപടിയെടുത്തുവരുന്നു. നിലവിലെ ജലസേചന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, ജലസേചന പ്രവൃത്തികളുടെ ഗുണനിലവാരം ഉയർത്തുക, ഇ-ഗവേണൻസിലൂടെ ഭരണ നിർവ്വഹണ നിലവാരം ഉയർത്തുക, അന്തർസംസ്ഥാന ജല പ്രശ്നങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുക, കൂടുതൽ കേന്ദ്ര ഫണ്ടുകൾ ലഭ്യമാക്കി ജലസേചന പദ്ധതികൾ വിപുലീകരിക്കുക, ഡാം സുരക്ഷ, ഡ്രിപ് എന്നിവയിൽ അധിക ശ്രദ്ധ ചെലുത്തുക തുടങ്ങിയവ മുൻനിർത്തി നിലവിലുള്ള ജലദൗർലഭ്യത്തിന് പരിഹാരം കാണുക, ജലസംരക്ഷണത്തിന് മുൻതൂക്കം നൽകുക എന്നീ ലക്ഷ്യങ്ങൾ കൂടുതൽ കാര്യക്ഷമമായി കൈവരിക്കുക എന്നതാണ് പുനഃസംഘടനയിലൂടെ ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കായി വകുപ്പിന്റെ പ്രവർത്തനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചുള്ള സമഗ്ര ചർച്ചകൾ വിവിധ തലങ്ങളിൽ നടന്നുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഭവന നിർമ്മാണ ധനസഹായം

1(699) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം ഭവന നിർമ്മാണ ധനസഹായം പദ്ധതിയിൽ എത്ര പട്ടികജാതി വിഭാഗക്കാർക്ക് തുക അനുവദിച്ചു;

(ബി) ഓരോരുത്തർക്കും അനുവദിക്കുന്ന തുക എത്രയാണ്; ആകെ എത്ര തുക അനുവദിച്ചു; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം 14,946 വീടുകൾക്ക് അനുമതി നൽകിയതിൽ 14,614 പേർക്ക് ഒന്നാം ഗഡുവും ഒന്നാം ഗഡു കൈപ്പറ്റിയവരിൽ 5680 പേർക്ക് രണ്ടാം ഗഡുവും രണ്ടാം ഗഡു കൈപ്പറ്റിയവരിൽ 2419 പേർക്ക് മൂന്നാം ഗഡുവും പ്രവൃത്തി പൂർത്തിയായ 967 പേർക്ക് 4-ാം ഗഡുവും ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം മൂന്ന് ലക്ഷം രൂപയാണ് ഓരോ ഗുണഭോക്താക്കൾക്കും ധനസഹായമായി അനുവദിച്ച് നൽകുന്നത്. 2016-17 സാമ്പത്തിക വർഷം 14,946 വീടുകൾ നിർമ്മിക്കുന്നതിനും സ്പിൽ ഓവർ വീടുകളുടെ പൂർത്തീകരണത്തിനുമായി 233.50 കോടി രൂപ അനുവദിച്ച് നൽകിയതിൽ 232,35,94,800 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ചികിത്സാ സഹായ വിതരണം**

2(700) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ജാതി വിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ചികിത്സാ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്ന ചികിത്സാ സഹായം വിതരണം ചെയ്യുന്ന ബ്ലോക്ക് എസ്.സി ആഫീസിൽ വീണ്ടും പ്രസ്തുത സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടതുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ചെങ്ങന്നൂർ ബ്ലോക്ക് എസ്.സി. ആഫീസർ ചികിത്സാ സഹായം വിതരണവുമായി ബന്ധപ്പെട്ട് പ്രസ്തുത സർട്ടിഫിക്കറ്റുകൾ വീണ്ടും ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സമർപ്പിച്ച സർട്ടിഫിക്കറ്റുകൾ വീണ്ടും സമർപ്പിക്കുവാൻ ആവശ്യപ്പെട്ട് ബുദ്ധിമുട്ടുണ്ടാക്കുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സമർപ്പിക്കേണ്ടതില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരം പരാതികൾ ലഭ്യമായാൽ നടപടി സ്വീകരിക്കുന്നതാണ്.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ**

3(701) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly